കയർ തൊഴിലാളികളുടെ ആശ്രിതർക്ക് ക്ഷേമനിധി പെൻഷൻ

93 [1225] ശ്രീ. കെ. എ. ചന്ദ്രൻ:
" കെ. അച്ചുതൻ:
" എം. കെ. പോൾസൺ മാസ്റ്റർ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളിയായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് കയർ തൊഴിലാളി ക്ഷേമനിധിയിൽനിന്നു പെൻഷൻ നൽകുന്നുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്;

(സി) എന്നുമുതലാണ് ഈ പദ്ധതി ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുടുംബ പെൻഷൻ അനുവദിക്കുന്നുണ്ട്.

(ബി) 420 പേർക്ക്.

(സി) 1988 മുതൽ മുൻകാലപ്രാബല്യത്തോടെയാണ് ഈ പദ്ധതി ആരംഭിച്ചത്.

കയർ തൊഴിലാളി പെൻഷൻ

94 [1226] ശ്രീ. എഴുകോൺ നാരായണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ:
" എം. കെ. പോൾസൺ മാസ്റ്റർ:
" ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർത്തൊഴിലാളിയായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് കയർ തൊഴിലാളി ക്ഷേമനിധിയിൽനിന്നു പെൻഷൻ നൽകുന്നുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്ക് എന്തു തുകയാണ് നൽകിവരുന്നത്;

(സി) ഈ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 55000 പേർക്ക് 100 രൂപ വീതം നൽകിവരുന്നു.

(സി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly